## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.833 10.06.2019 -ലെ മറുപടിക്ക്**

## <u>അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പള്ളിമുകൾ കോളനി, കുറ്റ കോളനി എന്നിവയുടെ വികസന പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുറ്റകോളനി കുടിവെള്ളപദ്ധതി നടപ്പിലാക്കുന്നതിൽ തടസ്സം എന്താണെന്ന് അറിയിക്കാമോ; | (എ) | അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള പള്ളിമുകൾ കോളനി, കുറ്റകോളനി എന്നിവയുടെ വികസന പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതാണ്. രണ്ട് കോളനികളിലേയും 25% വീതം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കുറ്റകോളനിയിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിർവ്വഹണ ഏജൻസിയും വാട്ടർ അതോറിറ്റിയും തമ്മിൽ തർക്കം വന്നതിനാൽ ജില്ലാ കളക്ടറുടേയും എം.എൽ.എ. യുടേയും സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വാട്ടർ അതോറിറ്റിയും നിർവ്വഹണം നടത്തുന്നതിന് ഏജൻസിയും തയ്യാറാവുകയും ചെയ്തിട്ടുണ്ട്. കുടിവെള്ള പദ്ധതി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർണമായും പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ? | (ബി) | ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ